LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

11 (*71) ശ്രീ. പി. വിശ്വൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. സി. രാജഗോപാലൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) നിയമസഭാ സാമാജികരുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി, കളക്ടർ ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി എന്നിവ രൂപീകരിച്ചതിനുശേഷം പ്രവൃത്തികളുടെ കാര്യക്ഷമത മെച്ചപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ടോ ;

(ഡി) പൊതുമരാമത്തു വകുപ്പിൽ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വകുപ്പിൽ സോഷ്യൽ ആഡിറ്റ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) പൊതുമരാമത്ത് പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദർഘാസുകൾ സംബന്ധിച്ചവിവരങ്ങൾ പൊതുമരാമത്ത് വകുപ്പ് വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനും വെബ്സൈറ്റിൽനിന്നും ആവശ്യക്കാർക്ക് ദർഘാസ് ഷെഡ്യൂളുകൾ ഡൗൺലോഡ്ചെയ്ത് ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കൂടുതൽ അധികാരങ്ങൾ കൈമാറിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാതലത്തിൽ നേരിട്ട് പരസ്യംചെയ്യുന്നതിനും പരസ്യ കാലാവധി കുറയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സബ് ഡിവിഷൻതലംവരെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുകയും റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സെൽ രൂപീകരിക്കുകയും ചെയ്തു. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുകയും ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സെൽ രൂപീകരിക്കുകയും ചെയ്തു. പൊതുമരാമത്ത് പ്രവർത്തികളുടെ പുരോഗതി കാര്യക്ഷമമാക്കുന്നതിനായി ജനപ്രതിനിധികളടങ്ങുന്ന നിരീക്ഷണ സമിതികളും മാധ്യമ പ്രവർത്തകരുൾപ്പെടുന്ന ഉപദേശക സമിതിയും രൂപീകരിച്ചു. പൊതുമരാമത്ത് പ്രവൃത്തികളുടെ സോഷ്യൽ

ആഡിറ്റിംഗ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. മാന്വൽ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുജന പരാതികൾ അറിയിക്കുന്നതിനായി ഒരു കാൾ സെന്റർ പ്രവർത്തനക്ഷമമാക്കി. (ടോൾ ഫ്രീ നമ്പർ 18004257771).

(ബി) ഉണ്ട്.

(സി) 90% പൂർത്തിയായി.

(ഡി) അഴിമതി തടയുന്നതിനായി നിലവിൽ വകുപ്പുതല വിജിലൻസ് വിഭാഗവും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയും ശക്തമായ നടപടികൾ എടുത്തുവരുന്നു. പൊതുമരാമത്ത് വകുപ്പിൽ സബ് ഡിവിഷൻതലംവരെ കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തി. പൊതുജനങ്ങളുടെ പരാതികൾ അറിയിക്കുന്നതിനായി ഒരു ഫ്രീ കാൾ സെന്റർ ആരംഭിച്ചു. അഴിമതി തടയുന്നതിന്റെ ഭാഗമായി സോഷ്യൽ ആഡിറ്റ് നടത്താനും തീരുമാനിച്ചിട്ടുണ്ട്.

1. <u>ക്വാളിറ്റി കൺട്രോൾ/പരിശോധനാ വിഭാഗം</u>

പൊതുമരാമത്ത് വകുപ്പിന്റെ ഇപ്പോൾ നിലവിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രയോജനപ്രദമല്ല. വകുപ്പിന് സ്വന്തമായി ഒരു പരിശോധനാ വിഭാഗവും ഇല്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളിലുള്ള വീഴ്ചകൾ കണ്ടുപിടിക്കുന്നതിനും കഴിയുന്നില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളുടെയും സഹകരണത്തോടെ പൊതുമരാമത്ത് വകുപ്പിൽ ഒരു ക്വാളിറ്റി കൺട്രോൾ/പരിശോധനാ വിഭാഗം ആരംഭിക്കുന്നതാണ്. ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിൽ ഇതിനാവശ്യമായ ലാബുകൾ സജ്ജീകരിച്ച് കുട്ടികളുടെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ക്വാളിറ്റി കൺട്രോൾ/പരിശോധനാ വിഭാഗം ശക്തിപ്പെടുത്തുന്നതാണ്.

2. <u>കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ.)</u>

കെ.എച്ച്.ആർ.ഐ.-യെ ഉന്നത നിലവാരമുള്ള റിസർച്ച് വിംഗായി ഉയർത്തും. ഡി.ആർ.ഐ.ക്യു. (ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ), ആർക്കിടെക്ചറൽ വിംഗ് എന്നിവയെ കെ.എച്ച്.ആർ.ഐ.-യുടെ കീഴിൽ കൊണ്ടുവരുന്നതാണ്. ഡി.ആർ.ഐ.ക്യു.-വിനും ആർക്കിടെക്ചറൽ വിംഗിനും പുതിയതായി എറണാകുളത്തും കോഴിക്കോടും ഓരോ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

3. <u>വിജിലൻസ് വിംഗ്</u>

പോലീസ് വകുപ്പിലെ ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഉൾപ്പെടുത്തി വിജിലൻസ് വിഭാഗം ശക്തമാക്കുന്നതാണ്.

4. <u>ഇ-ടെണ്ടറും ഇ-പേമെന്റും</u>

പൊതുമരാമത്ത് വകുപ്പിന്റെ സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പുവരുത്തുന്നതിന് ഇ-ടെണ്ടറും ഇ-പേമെന്റും നടപ്പിലാക്കും.

LIBRARY ARCHIVES Kerala Legislative Assembly

5. പൊതുമരാമത്തുവകുപ്പിൽ സോഷ്യൽ ഓഡിറ്റ് ഘട്ടംഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

ജലനിധി രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം

12 (*72) ശ്രീ. എം. എ. വാഹീദ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയായ ജലനിധിയുടെ രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ആകെ എത്ര പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതിയിലൂടെ ജലവിതരണം നടത്തുവാൻ പദ്ധതി ഇട്ടിരിക്കുന്നത് ;

(സി) ഇതിനായി എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഒന്നാംഘട്ട പദ്ധതി പ്രവർത്തനത്തിൽ നിന്നും എന്തൊക്കെ മാറ്റങ്ങളാണ് രണ്ടാംഘട്ട പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത് ;

(ഇ) ജലനിധി രണ്ടാംഘട്ടത്തിന്റെ പ്രവർത്തനം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാനാകാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഏതൊക്കെ പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ലോകബാങ്കുമായുള്ള അവസാനഘട്ട ചർച്ചകൾ നടന്നുവരികയാണ്. പദ്ധതിയുടെ അവലോകനം മാർച്ച് മാസത്തോടെ നടത്തുവാൻകഴിയുമെന്നും അതിനുശേഷം കരാർ ഒപ്പിടാൻകഴിയുമെന്നും പ്രതീക്ഷിക്കുന്നു. എന്നാൽ തുടക്കമെന്ന നിലയിൽ കേരള സർക്കാർ ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആദ്യഘട്ടമെന്നനിലയിൽ 30 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

(ബി) ഇരുന്നൂറോളം ഗ്രാമപഞ്ചായത്തുകളിലാണ് ജലവിതരണം നടത്തുവാൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(സി) 1000 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly